പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 167 — 05.03.2012 - ന് മറുപടിയ്ക്ക്

## ഭൂചലനം സംബന്ധിച്ച് ഭൗമശാസ്ത്രകേന്ദ്രത്തിന്റെ പഠനറിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഇടുക്കി, കോട്ടയം ജില്ലകളിൽ ഉണ്ടായ ഭൂചലനങ്ങളെ സംബന്ധിച്ച് ഭൗമശാസ്ത്രകേന്ദ്രം പഠനം നടത്തിയിട്ടുണ്ടോ; | (എ) നാഷണൽ സീസ്മിക് നെറ്റ് വർക്ക് പ്രോഗ്രാമിന്റെ ഭാഗമായി സെസ്സ് പീച്ചിയിൽ ഭൂകമ്പമാപിനി സ്ഥാപിച്ചിട്ടുണ്ട്. ഇടുക്കി, കോട്ടയം ജില്ലകളിൽ ഉണ്ടായ ഭൂചലനങ്ങൾ പീച്ചിയിലെ സെസ്സ് ഒബ്സർവേറ്ററിയും, ഇടുക്കിയിലുള്ള കെ.എസ്.ഇ.ബി ഒബ്സർവേറ്ററിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂചലനം അനുഭവപ്പെട്ട സ്ഥലങ്ങളിൽ സെസ്സിന്റെ ശാസ്ത്രജ്ഞർ പഠനം നടത്തുകയുണ്ടായി. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ; പരിശോധനാഫലവും സ്വീകരിച്ച നടപടിയും സംബന്ധിച്ച് വിശദമാക്കാമോ; | (ബി) 5.8.2011 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന ഉന്നതതല യോഗത്തിൽ സെസ്സിന്റെ ശാസ്ത്രജ്ഞർ ഇടുക്കിയിലും കോട്ടയത്തും നടന്ന ഉന്നതതല പഠനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇടുക്കിയിലുള്ള ആറ് സീസ്മോഗ്രാഫുകൾ നവീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| (സി) തുടർച്ചയായുള്ള ഭൂചലനങ്ങളുടെ പശ്ചാത്തലത്തിൽ പ്രമുഖമായി ഏതെല്ലാം മേഖലകളിൽ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) മുല്ലപ്പെരിയാറിന്റെ down stream ൽ താമസിക്കുന്ന ആളുകളുടെ സുരക്ഷയെ പരിഗണിച്ച് സെസ്സ് ഒരു ഇനൻഡേഷൻ (പ്രളയസാദ്ധ്യതാ പ്രദേശം) മാപ്പ് ഉണ്ടാക്കുകയും റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള എച്ച്. വി.ആർ.എ സെല്ലും സെസ്സും കൂടിച്ചേർന്ന് ഇത്തരം പ്രദേശങ്ങൾ അടയാളപ്പെടുത്തുകയും അത് ജനസമ്പർക്കപരിപാടികളിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ